File No.DWCD/1123/2022-ICDSB2

വനിത ശിശുവികസന വകുപ്പ്
ഡയറക്ടറേറ്റ്,പൂജപ്പുര,
തിരുവനന്തപുരം
തീയതി :04/05/2022
Email -wcdicdsb2@gmail.com
Phone : 0471 - 2346508

## സർക്കുലർ

വിഷയം: വനിത ശിശുവികസന വകുപ്പ്- ഐസിഡിഎസ്- അങ്കണവാടികളിൽ പ്രവേശനോൽസവം സംഘടിപ്പിക്കുന്നത്- മാർഗ്ഗ നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്.

സൂചന:

സംയോജിത ശിശുവികസന പദ്ധതിയിൻകീഴിൽ പ്രവർത്തിക്കുന്ന അങ്കണവാടികളിലേയ്ക്ക് പ്രീ സ്കൂൾ കുട്ടികളെ ആകർഷിക്കുക , സമൂഹത്തിൽ അങ്കണവാടികളുടെ പ്രാധാന്യം സംബന്ധിച്ചും അങ്കണവാടികളിലൂടെ ലഭ്യമാകുന്ന സേവനങ്ങൾ സംബന്ധിച്ചും ജനങ്ങളിൽ അവബോധം സൃഷ്ടിക്കുക എന്നീ ലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കുന്നതിനായി സംസ്ഥാനത്തെ മുഴുവൻ അങ്കണവാടികളിലും 2022 മെയ് മാസം 30-)0 തീയതി പ്രവേശനോൽസവം സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 6 വയസ്സ് വരെയുള്ള കാലയളവിൽ കുട്ടികൾ സ്വായത്തമാക്കുന്ന അനുഭവങ്ങൾ , കഴിക്കുന്ന ആഹാരം എന്നിവ അവരുടെ ശാരീരിക മാനസിക വൈജ്ഞാനിക ഭാഷ വികാസത്തിൽ സുപ്രധാന പങ്കു വഹിക്കും എന്നതിനാൽ ശൈശവ കാല വിദ്യാഭ്യാസത്തിന്റെയും പോഷകാഹാരത്തിന്റെയും ശിശുപരിചരണത്തിന്റെയും പ്രാധാന്യം സംബന്ധിച്ച ബോധവൽക്കരണത്തിന് ഊന്നൽ നൽകി പ്രവേശനോൽസവം സംഘടിപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു

1. മെയ് 1 മുതൽ 10 വരെയുള്ള കാലയളവിൽ അങ്കണവാടിയിൽ പ്രവേശനം നേടേണ്ട 3 മുതൽ 6 വയസ് വരെയുള്ള മുഴുവൻ കുട്ടികളേയും കണ്ടെത്തുന്നതിനായി സർവ്വേ നടത്തി , ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്. CDPO/ ICDS SUPEVISORS എന്നിവർ ഇത് random ആയി ഭവന സന്ദർശനം നടത്തി ഉറപ്പ് വരുത്തേണ്ടതാണ്.
(നടപടി- അങ്കണവാടി വർക്കർ)

2. 3 വയസിനും 6 വയസിനും ഇടയിൽ പ്രായമുള്ള കുട്ടികളുടെ ലിസ്റ്റ് തയ്യാറാക്കുമ്പോൾ അങ്കണവാടി പ്രദേശത്തെ സ്ഥിരം താമസക്കാരായ കുട്ടികൾ , അതിഥി തൊഴിലാളികളുടെ കുട്ടികൾ , താൽക്കാലിക താമസക്കാരായ കുട്ടികൾ, എന്നിങ്ങനെ മുഴുവൻ കുട്ടികളേയും ഉൾപ്പെടുത്തേണ്ടതാണ് .

3. മെയ് 11 ന് അങ്കണവാടിയിൽ ALMSC കൂടേണ്ടതും പ്രവേശനോൽസവം 2022 നടത്തിപ്പ്, പ്രവേശനോൽസവ മുന്നൊരുക്ക പ്രവർത്തനങ്ങൾ, കുട്ടികളുടെ ഭവന സന്ദർശനം, പ്രീ സ്കൂൾ കുട്ടികൾക്ക് അങ്കണവാടിയിൽ എത്തിച്ചേരുന്നതിന് ആവശ്യമെങ്കിൽ വാഹനം ഏർപ്പെടുത്തൽ, പഠനോപകരണ നിർമ്മാണ ക്യാമ്പയിന്റെ സംഘാടനം, പ്രവേശനോൽസവത്തോടനുബന്ധിച്ച് കുട്ടികൾക്ക് നൽകേണ്ടുന്ന സമ്മാനം ലഭ്യമാക്കുന്നത് സംബന്ധിച്ച് എന്നിവ ചർച്ച ചെയ്ത് തീരുമാനിക്കേണ്ടതാണ്.

4. മെയ് 12 മുതൽ 17 വരെ കാലയളവിൽ അങ്കണവാടി പ്രവർത്തകരും, ALMSC അംഗങ്ങളും ചേർന്ന് പുതിയതായി പ്രവേശനം നേടേണ്ട കുട്ടികളുടെ ഭവന സന്ദർശനം നടത്തുകയും, രക്ഷകർത്താക്കളേയും, കുട്ടികളേയും കണ്ട് പ്രീ സ്കൂൾ പ്രവേശനം ഉറപ്പ് വരുത്തുകയും ചെയ്യേണ്ടതാണ്.

5. അങ്കണവാടി പ്രവേശനം സംബന്ധിച്ച് ഫീൽഡ് തലത്തിലും, പത്രം, ടി.വി., തുടങ്ങിയ മാധ്യമങ്ങളിലും, ലോക്കൽ ചാനലിലും, സോഷ്യൽ മീഡിയയിലും

ശക്തമായ ക്യാമ്പയിൻ പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതാണ്. (നടപടി: - ഡയറക്ടറേറ്റ്/ ജില്ലാ ഓഫീസർ / പ്രോഗ്രാം ഓഫീസർ/ സിഡിപിഒ)

**6.** ഗോത്ര വർഗ്ഗ മേഖലകളിലും , ഒറ്റപ്പെട്ട് പ്രവർത്തിക്കുന്ന അങ്കണവാടി പ്രദേശങ്ങളിലും, പ്രവേശനോൽസവ മുന്നൊരുക്ക പ്രവർത്തനങ്ങൾക്കായി ALMSC അംഗങ്ങൾക്ക് പുറമെ,"A G Club leader / പ്രതിനിധി, ST promoter, Mentor Teacher, NGO പ്രതിനിധി, ഊരു മൂപ്പൻ, ഹാംലെറ്റ് ആശ പ്രവർത്തക, സാക്ഷരത പ്രമോട്ടർ, ഏകാധ്യാപക വിദ്യാലയ അദ്ധ്യാപിക/അദ്ധ്യാപകൻ, എഡിഎസ് പ്രതിനിധി/ തൊഴിലുറപ്പ് കോർഡിനേറ്റർ, സാമൂഹ്യ വിഭവ കേന്ദ്രം ഫെസിലിറ്റേറ്റർ, ഊരുകളിലെ വിദ്യാ സമ്പന്നരായ പൂർവ്വ വിദ്യാർത്ഥികൾ " എന്നിവർ ഉൾപ്പെട്ട കർമ്മ സേന (ഗ്രൂപ്പുകൾ) രൂപീകരിച്ചും, വിപുലമായ പ്രവേശനോൽസവ പരിപാടികൾ ആവിഷ്കരിക്കരിക്കേണ്ടതാണ്. (നടപടി:- CDPO/ SUPERVISORS/ANGANWADI WORKERS)

7. ALMSC. കർമ്മ സേന ഗ്രൂപ്പുകളുടെ സഹകരണത്തോടെ പ്രവേശനോൽസവം സംബന്ധിച്ചുള്ള അറിയിപ്പുകൾ, ബാനറുകൾ, ഫോട്ടോകൾ, നോട്ടീസ്, പോസ്റ്ററുകൾ, എന്നിവ ഉപയോഗിച്ച് ഫീൽഡ് തലത്തിൽ ശക്തമായ ക്യാമ്പയ്ൻ പ്രവർത്തനം നടത്തേണ്ടതാണ്. സോഷ്യൽ മീഡിയയുടെ സാധ്യത ഉപയോഗപ്പെടുത്തേണ്ടതാണ്

**8.** പ്രവേശനത്തോടനുബന്ധിച്ചുള്ള ബാനറുകൾ , പോസ്റ്ററുകൾ എന്നിവ തയ്യാറാക്കുമ്പോൾ ചായം അങ്കണവാടി, സ്മാർട്ട് അങ്കണവാടി, മോഡൽ അങ്കണവാടി, ത്രീ ജി അങ്കണവാടി എന്നിവയുടെ പ്രവർത്തന സൗകര്യങ്ങൾ, അടിസ്ഥാന സൗകര്യ വികസനം, എന്നിവ സംബന്ധിച്ച മികവുകൾ എടുത്ത് കാണിക്കുന്ന ഫോട്ടോകൾ , വിവരങ്ങൾ എന്നിവ കൂടി ഉൾപ്പെടുത്തേണ്ടതാണ്.

**9.** ഏപ്രിൽ മാസം നടത്തുന്ന സെക്ടർ തല മീറ്റിംഗിൽ മെയ് മാസം നടക്കേണ്ട പ്രവേശനോൽസവത്തോടനുബന്ധിച്ചുള്ള മുഴുവൻ പരിപാടികളുടേയും അറിയിപ്പ് അതതു ICDS supervisors വർക്കർമാർക്ക് നൽകേണ്ടതും ടി വിഷയം ചർച്ച ചെയ്ത് രൂപ രേഖ തയ്യാറാക്കേണ്ടതുമാണ് .CDPO മാർ സെക്ടർ തല മീറ്റിംഗുകളിൽ പങ്കെടുത്തു ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതും കൃത്യമായ ഇടപെടൽ നടത്തേണ്ടതും ആണ്

**10.** മെയ് 26, 27 തീയതികളിൽ ALMSC പ്രതിനിധികൾ, രക്ഷകർത്താക്കൾ, വർണ്ണക്കൂട് അംഗങ്ങൾ എന്നിവർ അങ്കണവാടിയിൽ ഒരുമിച്ച് കൂടി പ്രാദേശികമായി ലഭിക്കുന്നതും ചെലവ് കുറഞ്ഞതുമായ വസ്തുക്കൾ ഉപയോഗിച്ച് കുട്ടികളെ വരവേൽക്കാനുള്ള വർണ്ണത്തൊപ്പികൾ , അലങ്കാര വസ്തുക്കൾ, കളിക്കോപ്പുകൾ മുതലായവ ഉണ്ടാക്കേണ്ടതാണ്.

**11.** മെയ് 28 ന് ALMSC ചേർന്ന് അങ്കണവാടി പ്രവേശനോൽസവത്തിനായുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ അവലോകനം നടത്തുകയും പ്രവേശനോൽസവത്തിനായി അങ്കണവാടിയും പരിസരവും വൃത്തിയാക്കുകയും ഭംഗിയായി അലങ്കരിക്കുകയും ചെയ്യേണ്ടതാണ്. കൂടാതെ, പ്രവേശനോൽസവ ദിനത്തിൽ അങ്കണവാടിയിൽ എത്തിച്ചേരുന്നവർക്ക് കാണാവുന്ന വിധത്തിൽ പ്രീ സ്കൂൾ കിറ്റ്, അങ്കണപ്പൂമഴ , അങ്കണത്തൈമാവ് , കിളിക്കൊഞ്ചൽ (പോസ്റ്റർ,ബുക്ക് ലെറ്റ് ) അമ്മ അറിയാൻ കാർഡ്, എം.സി.പി. കാർഡ്, ഗ്രോത്ത് ചാർട്ട്, വകുപ്പിൽ നിന്ന് നൽകിയിട്ടുള്ള വിവിധ വളർച്ച നിരീക്ഷണ ഉപകരണങ്ങൾ എന്നിവ പ്രദർശിപ്പേക്കേണ്ടതാണ്.

**12.** <u>30-4-22 (പ്രവേശനോൽസവദിനം -സമയക്രമീകരണം)</u>

| | |
|---|---|
| 9.30 - 10 am | : സ്വീകരണം |
| 10am | : വിളംബര ജാഥ |
| 10.15am | : ഉദ്ഘാടനം, പ്രവേശനോൽസവ ഗാനം. |
| 10.30am | : പദ്ധതി വിശദീകരണം. |
| 10.40 am | : പ്രീ സ്കൂൾ കിറ്റ് വിതരണം. |
| 10.50 am | : പ്രീ സ്കൂൾ സർട്ടിഫിക്കറ്റ് വിതരണം. (പ്രീ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ കുട്ടികൾക്ക്) |

11 am : കുട്ടികളുടേയും വർണ്ണക്കൂട് അംഗങ്ങളുടേയും കലാ പരിപാടികൾ
12.30 pm : സമാപനം.

13. പ്രവേശനോൽസവ ദിനത്തിൽ കുട്ടികളെ വർണ്ണത്തൊപ്പിയും, ബലൂണും, മധുരവും നൽകി സ്വീകരിക്കണം. ജന പ്രതിനിധികളുടേയും, ALMSC അംഗങ്ങളുടേയും നേതൃത്വത്തിൽ വിളംബര ജാഥ അങ്കണവാടി പരിസരത്ത് നടത്തേണ്ടതാണ്. വിളംബര ജാഥയിൽ ബാനർ, പ്ലക്കാർഡുകൾ, വർണ്ണത്തൊപ്പികൾ, പ്രാദേശികമായ നാടൻ വാദ്യോപകരണങ്ങൾ എന്നിവ ഉപയോഗിക്കാവുന്നതും അമ്മമാർ, വർണ്ണക്കൂട് അംഗങ്ങൾ, കുടുംബാംഗങ്ങൾ, പൂർവ്വ വിദ്യാർത്ഥികൾ എന്നിവരുടെ പങ്കാളിത്തം ഉറപ്പ് വരുത്തേണ്ടതുമാണ്. പ്രീ സ്കൂൾ കിറ്റ് വിതരണത്തിനൊപ്പം ഓരോ കുട്ടികൾക്കുമുള്ള കിളിക്കൊഞ്ചൽ ബുക്ക്, ലഭ്യമെങ്കിൽ അങ്കണപ്പൂമഴ വർക്ക് ബുക്ക് എന്നിവയും നൽകണം.

14.. അങ്കണവാടി പ്രവേശനോൽസവം എല്ലാ അങ്കണവാടികളിലും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടേയും, ALMSC യുടേയും സഹകരണത്തോടെ ജനപങ്കാളിത്തം ഉറപ്പ് വരുത്തി വിപുലമായ രീതിയിൽ സംഘടിപ്പിക്കേണ്ടതുംപ്രദേശത്തിന്റെ ഉത്സവം ആക്കേണ്ടതും ആണ്.

15 സംസ്ഥാന/ ജില്ല/ പ്രോജക്ട്/ പഞ്ചായത്ത് തല പരിപാടികൾ ഇതേ ദിവസം ഏതെങ്കിലും ഒരു അങ്കണവാടി കേന്ദ്രീകരിച്ച് നടത്തേണ്ടതാണ്.

16. ജില്ലാ വനിത ശിശുവികസന ഓഫീസർ, പ്രോഗ്രാം ഓഫീസർ, സിഡിപിഒ, ഐസിഡിഎസ് സൂപ്പർവൈസർ എന്നി ഉദ്യോഗസ്ഥർ പ്രവേശനോൽസവ ദിനത്തിൽ പരമാവധി അങ്കണവാടികൾ സന്ദർശിക്കേണ്ടതും ആയതിന്റെ ഡോക്യുമെന്റേഷൻ, റിപ്പോർട്ട് എന്നിവ സമയ ബന്ധിതമായി ജില്ലാ പ്രോഗ്രാം ഓഫീസർക്ക് നൽകേണ്ടതുമാണ്.

17. പ്രോഗ്രാം ഓഫീസർ ജില്ലാ തലത്തിൽ ക്രോഡീകരിച്ച റിപ്പോർട്ട് **10.06.2022** ന് മുമ്പായി ഡയറക്ടറേറ്റിൽ ലഭ്യമാക്കേണ്ടതാണ്.

വനിത ശിശുവികസന ഡയറക്ടർക്കുവേണ്ടി

1. എല്ലാ ജില്ലാ വനിത ശിശുവികസന ഓഫീസർമാർക്കും
2. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
3. എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും

പകർപ്പ്

സ്റ്റോക്ക് ഫയൽ/ സ്പെയർ